**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 140** **20-06-2024 - ൽ മറുപടിയ്ക്ക്**

**എ.ഐ. ക്യാമറകൾ വഴി കണ്ടെത്തുന്ന ഗതാഗത നിയമ ലംഘനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | എ.ഐ. ക്യാമറകൾ വഴി കണ്ടെത്തുന്ന ഗതാഗത നിയമ ലംഘനങ്ങളിന്മേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായ പരാതി പരിശോധിച്ചിട്ടുണ്ടോ; | (എ) | ഈ വിഷയം WPC No. 19992/2023 പ്രകാരം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ ബഹു കോടതി തീരുമാന പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ് |
| (ബി) | എ.ഐ. ക്യാമറകൾ സ്ഥാപിച്ചിട്ടും ഗതാഗത നിയമലംഘനങ്ങളും അതേ തുടർന്നുണ്ടാകുന്ന അപകട മരണങ്ങളും വർദ്ധിച്ചുവരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പൊതു നിരത്തുകളിൽ ഗതാഗത നിയമലംഘനങ്ങൾ കുറഞ്ഞിട്ടുണ്ട്. എങ്കിലും ക്യാമറ സ്ഥാപിച്ചതോടുകൂടി മുൻപ് കണ്ടെത്തിയതിനെക്കാൾ കൂടുതൽ നിയമ ലംഘനങ്ങൾ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്ക് പരിശോധിച്ചതിൽ നിന്നും എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്നതിന് മുൻപുള്ള കാലയളവായ 2022 ജൂൺ മുതൽ 2022 ഡിസംബർ വരെയുള്ള റോഡ് അപകടങ്ങളിലൂടെയുള്ള മരണനിരക്ക് 2385 ആണ്. എ.ഐ. ക്യാമറ സ്ഥാപിച്ചതിന് ശേഷം 2023 വർഷത്തിൽ ഇതേ കാലയളവിൽ റോഡ് അപകടങ്ങളിലൂടെയുള്ള മരണനിരക്ക് 2082 ആയി കുറഞ്ഞിട്ടുണ്ട്. |
| (സി) | ഗതാഗത നിയമലംഘനങ്ങളെത്തുടർന്നുണ്ടാകുന്ന അപകട മരണങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | സംസ്ഥാന/ദേശീയപാതകളിൽ പെട്രോളിംഗ് ശക്തിപ്പെടുത്തുക എന്നതാണ് സുപ്രീംകോടതി നിയോഗിച്ച ജസ്റ്റിസ് രാധാകൃഷ്ണൻ അദ്ധ്യക്ഷനായ സുപ്രീം കോടതി കമ്മിറ്റി ഓൺ റോഡ് സേഫ്റ്റിയുടെ സുപ്രധാന നിർദ്ദേശം.<br><br>AI ക്യാമറകൾ സ്ഥാപിച്ച ശേഷം ഓവർ സ്പീഡ് അടക്കമുള്ള ട്രാഫിക് നിയമലംഘനങ്ങൾ കൂടുതലായി കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. മദ്യപിച്ച് വാഹനമോടിക്കൽ, അമിതവേഗം, റെഡ് ലൈറ്റ് ജംമ്പിംഗ്, ഹെൽമെറ്റ്-സീറ്റ്ബെൽറ്റ് നിയമ ലംഘനങ്ങൾ, ലൈൻ ട്രാഫിക് ക്രമലംഘനം എന്നിവയുമായി ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് |

| | | | |
|---|---|---|---|
| | | | ശക്തിപ്പെടുത്തി കർശന നടപടികൾ സ്വീകരിച്ചു വരുന്നു. ടിപ്പർ ലോറികളുടെ അമിത വേഗം തടയുകയും , സ്പീഡ് ഗവർണർ അഴിച്ചിട്ട് ഓടിക്കുന്നതിനെതിരെ കർശന പരിശോധനകൾ നടത്തി നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു. മോട്ടോർ വാഹന നിയമ ലംഘനങ്ങൾ നടത്തുന്നവരുടെ ഡ്രൈവിംഗ് ലൈസൻസ് താൽക്കാലികമായോ സ്ഥിരമായോ റദ്ദ് ചെയ്യുക, അപ്രകാരമുള്ള കുറ്റകൃത്യം ചെയ്യുന്നവരുടെ മാനസിക പരിവർത്തനത്തിനായി അവരെ ആതുര സേവന കേന്ദ്രങ്ങളിൽ നിർബന്ധിത ജോലിയ്ക്ക് നിയോഗിക്കുക തുടങ്ങിയ നടപടികളും സ്വീകരിച്ചു വരുന്നു. വഹനാപകടങ്ങളിലൂടെ മരണം ഉണ്ടാക്കുന്നവരുടെ ഡ്രൈവിംഗ് ലൈസൻസ് സസ്പെൻഡ് ചെയ്ത ശേഷം IDTR ൽ അഞ്ചു ദിവസത്തെ നിർബന്ധിത ട്രെയിനിംഗ് നൽകിയതിനു ശേഷം മാത്രം ലൈസൻസ് പുന:സ്ഥാപിച്ച് നൽകുന്നതിനുള്ള നടപടികളും ആരംഭിച്ചു വരുന്നു. ഹസാർഡസ് വെഹിക്കിൾ ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിൽ കർശന പരിശോധനകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഡ്രൈവിംഗ് ടെസ്റ്റിനു നിയമാനുസൃതമുള്ള കർശന മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിലാക്കി കുറ്റമറ്റ നിലയിലുള്ള ലൈസൻസ് നൽകി മികച്ച ഡ്രൈവർമാരെ സൃഷ്ടിക്കുവാൻ നടപടികൾ ആരംഭിച്ചു.<br><br>ചെറിയ പ്രായത്തിൽ തന്നെ കുട്ടികളിൽ ട്രാഫിക് നിയമങ്ങളുടെ അവബോധം സൃഷ്ടിക്കുവാൻ പര്യാപ്തമാകും വിധത്തിൽ നേഴ്സറി ക്ലാസ്സ് കുട്ടികൾക്ക് മുതൽ കാർട്ടൂൺ ഫിലിമുകൾ, മുതിർന്നവർക്കുള്ള ഷോർട്ട് ഫിലിമുകൾ എന്നിവയും നടപ്പിലാക്കുന്നുണ്ട്.<br><br>സേഫ് കേരള പദ്ധതിയുടെ പൂർണ്ണമായ പ്രവർത്തനങ്ങളിലൂടെ ഗതാഗത നിയമലംഘനങ്ങൾ തടയുന്നതിനും അതുമൂലമുണ്ടാകുന്ന അപകട മരണങ്ങൾ കുറയ്ക്കുന്നതിനും സഹായകമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ